**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2265** **13-09-2023 - ൽ മറുപടിയ്ക്ക്**

**വൈക്കം കല്ലറ മാഞ്ഞൂർ പോലീസ് സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി സി. കെ. ആശ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | വൈക്കം താലൂക്കിലെ കല്ലറ പഞ്ചായത്തിൽ അനുവദിക്കപ്പെട്ട മാഞ്ഞൂർ പോലീസ് സ്റ്റേഷന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സം നേരിട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | **മാഞ്ഞൂർ പോലീസ് സ്റ്റേഷന്റെ പ്രവർത്തനം ആരംഭിക്കുന്നതിനായുള്ള അടിസ്ഥാന സൗകര്യങ്ങൾ സജ്ജീകരിക്കുന്നതിന് സംസ്ഥാന പോലീസ് മേധാവിയിൽ നിന്നും ലഭിച്ച ശുപാർശ സർക്കാർ പരിശോധിക്കുകയും അധിക ജോലികൾക്കായി ഇപ്പോൾ സമർപ്പിച്ചിരിക്കുന്ന എസ്റ്റിമേറ്റിന്റെ ന്യായീകരണം ഉൾപ്പെടെ ചില അധിക വിവരങ്ങൾ ലഭ്യമാക്കുവാൻ സംസ്ഥാന പോലീസ് മേധാവിയോട് ആവശ്യപ്പെടുകയും ചെയ്തിരുന്നു. ഇക്കാര്യത്തിൽ സംസ്ഥാന പോലീസ് മേധാവി തുടർനടപടികൾ സ്വീകരിച്ചു വരുന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.** |
| (ബി) | പ്രസ്തുത പോലീസ് സ്റ്റേഷനിലേക്ക് ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നത് സംബന്ധിച്ച നടപടികൾ പൂർത്തീകരിച്ചോ; അറിയിക്കാമോ; | (ബി) | **04.02.2021 ലെ സ.ഉ.(കൈ) നം.31/2021/ ആഭ്യന്തരം പ്രകാരം IP-1, SI-2, ASI–1, SCPO–5, CPO - 20, WCPO –5, Driver –2 എന്നിങ്ങനെ 36 പോലീസ് ഉദ്യോഗസ്ഥരുടെ അംഗബലം അനുവദിച്ചിട്ടുണ്ട്.** |
| (സി) | പ്രസ്തുത പോലീസ് സ്റ്റേഷന് ആവശ്യമായ കെട്ടിടം കല്ലറ ഗ്രാമ പഞ്ചായത്ത് വിട്ടു കൊടുത്തു പണി പൂർത്തീകരിച്ച വിവരം ശ്രദ്ധയിൽപ്പെട്ടിരുന്നോ; വ്യക്തമാക്കാമോ; | (സി) | ഉണ്ട്. വൈക്കം താലൂക്കിലുള്ള കല്ലറ പഞ്ചായത്തിലെ രണ്ടാം വാർഡിൽ 84 A നമ്പർ കെട്ടിടത്തിൽ മാഞ്ഞൂർ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് കെട്ടിടം അനുവദിച്ചിട്ടുള്ളതാണ്. ഈ കെട്ടിടത്തിൽ പോലീസ് സ്റ്റേഷൻ പ്രവർത്തിക്കുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ സജ്ജീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | പ്രസ്തുത പോലീസ് സ്റ്റേഷൻ കെട്ടിടത്തിന് ആവശ്യമായ ഫർണിച്ചറുകൾ വിതരണം ചെയ്യുന്നതിൽ എന്തെങ്കിലും തടസ്സം ഉണ്ടോയെന്ന് അറിയിക്കാമോ; | (ഡി) | (സി) യിൽ ചേർത്തിട്ടുണ്ട്. |
| (ഇ) | പ്രസ്തുത പോലീസ് സ്റ്റേഷൻ ഉടൻ പ്രവർത്തനം ആരംഭിക്കാൻ കഴിയുമോയെന്ന് അറിയിക്കാമോ? | (ഇ) | (സി) യിൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ